# MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

**Most Rev. Dr. Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Archbishop's House
Marygiri, P. B. No. 4
Tiruvalla - 689 101

**Circular No. 3 / 2014**

16-04-2014

**വന്ദ്യ കോർ എപ്പിസ്കോപ്പമാരെ, ബഹു. വൈദികരെ, സന്യസ്തരെ, സഹോദരങ്ങളെ!**

1. **ഉത്ഥാനതിരുനാൾ**

2014 ലെ വലിയനോമ്പും വലിയ ആഴ്ച ആചരണവും നമ്മെ ഈ മഹനീയ തിരുനാളിലേക്ക് എത്തിച്ചിരിക്കുന്നു. ഉയിർപ്പു തിരുനാൾ നമ്മുടെ ആത്മീയ വിശ്വാസത്തിന്റെ ആണിക്കല്ലാണ്. വി. പൗലോസ് പറയുന്നു. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥവും നിങ്ങളുടെ വിശ്വാസം പ്രയോജനരഹിതവുമാണ് (1Cor.15/14). യേശുക്രിസ്തു നമുക്കുവേണ്ടി പാപപരിഹാര ബലിയായി എന്നതും ദൈവത്തിന് അത് സ്വീകാര്യമായി എന്നു അറിയുന്നതും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെയാണ്. ക്രിസ്തുവിന്റെ അതിക്രൂരമായ പീഡകളും കുരിശുമരണവും വ്യർത്ഥമാകുമായിരുന്നു, പിതാവ് അവിടുത്തെ ഉയിർപ്പിച്ചില്ലായിരുന്നു എങ്കിൽ. ആയതുകൊണ്ട് ഉയിർപ്പാണ് പരമപ്രധാനമായ രഹസ്യം. അതിന്റെ പശ്ചാത്തലത്തിലാണ് ക്രിസ്തുവിന്റെ പീഡാസഹനങ്ങൾക്ക് അർത്ഥം ഉണ്ടാകുന്നത്. നമ്മുടെ ദൈനംദിന ജീവിത്തിന് വലിയ ബലമായി തീരുന്ന അനുഭവമാണ് ഉയിർപ്പ്. നാം ഉയിർപ്പിന്റെ മക്കളാണ്. പഴയതിനെ ഓർത്ത് കരഞ്ഞു നിലവിളിക്കുന്നതിലുപരി പുനരുത്ഥാന ശക്തിയിൽ ഒരു നവ വ്യക്തിയായി തീരുക എന്നതാണ് പ്രധാനം. പലരും തങ്ങളുടെ പഴയജീവിതക്രമത്തിലെ ഭീകരാവസ്ഥകൾ വിവരിക്കുന്നതിൽ സന്തോഷം കാണുന്നുണ്ടെന്ന് തോന്നുന്നു. പഴയവ്യണങ്ങൾ, ഉണങ്ങിയ മുറിപ്പാടുകൾ വീണ്ടും പരളയിളക്കി ചോരപൊടിച്ചു കാണാൻ താത്പര്യമുള്ളതുപോലെ. അതല്ലല്ലോ പ്രധാനം. പ്രധാനമായിട്ടുള്ളത് ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാകുന്നതാണ്. ആയതിനാൽ നമ്മെ സംബന്ധിച്ച് ഈ വലിയ ആഴ്ചയിലെ ഏറ്റവും വലിയ സന്തോഷം ഉയിർപ്പു തിരുന്നാളിൽ സംബന്ധിക്കുമ്പോഴാണ്. ആ സന്തോഷത്തിന്റെ മാറ്റ് വർദ്ധിക്കുന്നത് നാം ക്രിസ്തുവിന്റെ പീഢാനുഭവവും കുരിശുമരണവും അർത്ഥ സമ്പുഷ്ടമായി മനസിലാക്കി ആചരിക്കുമ്പോഴാണ്. നമുക്ക് ദൈവമക്കളുടെ സ്വാതന്ത്ര്യം തന്ന യേശുനാഥനോടു നന്ദിയുള്ളവരാകാം. ഏതു ഭയത്തെയും പ്രതികൂല സാഹചര്യങ്ങളെയും നേരിടുവാനുള്ള കരുത്താണ് ഈ ഉത്ഥാനത്തിരുന്നാളിലൂടെ കർത്താവ് തരുന്നത്. എല്ലാവർക്കും ഉത്ഥിതനായ ക്രിസ്തുനാഥന്റെ സമാധാനം ആശംസിക്കുന്നു.

2. **വൈദികാഭിഷേകം**

ദൈവകൃപയാൽ ഈ വർഷം നമുക്ക് 4 ശെമ്മാശന്മാർ വൈദികാഭിഷേകത്തിനായി ഒരുങ്ങുന്നു. ഏപ്രിൽമാസം 22-ാം തീയതി ബഹു. സാമുവേൽ വിളയിൽ, സെബാസ്റ്റ്യൻ കുന്നുംപുറത്ത്, ഓസ്റ്റിൻ തെക്കേതിൽ, തോമസ് തൈക്കാട്ട് എന്നീ ശെമ്മാശന്മാർ തിരുവല്ല കത്തീഡ്രലിൽ വച്ച് വൈദികാഭിഷേകം സ്വീകരിക്കുന്നതും തുടർന്നുള്ള ദിവസങ്ങളിൽ അവരവരുടെ മാതൃഇടവകകളിൽ പ്രഥമ ദിവ്യബലി അർപ്പിക്കുന്നതുമാണ്. ഈ പ്രിയ ശെമ്മാശന്മാരെയും അവരുടെ മാതാപിതാക്കളെയും പ്രത്യേകം അഭിനന്ദിക്കുന്നു. വൈദിക ജീവിത

ത്തിന്റെ തനിമയും പ്രസക്തിയും എന്നത്തേക്കാളുപരി വർത്തമാനകാലത്തിൽ പൊതു സമൂഹത്തിനു പകർന്നു നൽകേണ്ടതുണ്ട്. നല്ല കുടുംബങ്ങളിൽ നിന്നേ നല്ല വൈദികരും നല്ല സന്യസ്തരും ഉണ്ടാവുകയുള്ളൂ. നല്ല കുടുംബങ്ങൾ നല്ല ഇടവകകളിൽ നിന്നേ ഉണ്ടാവുകയുള്ളു. ഇവ പരസ്പരം പൂരകങ്ങളാണ്. നമ്മുടെ അഭിഷിക്തരെ നിരന്തരമായി താറടിച്ചു കാണിക്കുന്ന ആധുനിക മാദ്ധ്യമശൈലി മാറേണ്ടതുണ്ട്. നല്ല വൈദികരാകുവാൻ നമുക്ക് നമ്മുടെ തലമുറയ്ക്ക് പ്രചോദനം കൊടുക്കാം. നമ്മുടെ പ്രാർത്ഥനയാണ് അവരുടെ ബലം. നമ്മുടെ പ്രോത്സാഹനമാണ് അവരുടെ ആവേശം.

3. **ഐസക് മാർ യൂഹാനോൻ പിതാവിന്റെ ഓർമ്മ**

ഭാഗ്യസ്മരണാർഹനായ അഭി. ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ ഓർമ്മ തിരുന്നാൾ ഏപ്രിൽ 27, 28 (ഞായർ, തിങ്കൾ) തീയതികളിൽ മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ ആഘോഷിക്കുകയാണ്. 27 ന് വൈകിട്ട് 6 മണിക്ക് സന്ധ്യാപ്രാർത്ഥനയും 28 ന് രാവിലെ 7 മണിക്ക് വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരിക്കും.

4. **സന്യാസിനികളുടെ വൃതവാഗ്ദാനം**

തുകലശ്ശേരി ഹോളിസ്പിരിറ്റ് മഠത്തിലെ 3 മക്കളുടെ പ്രഥമവൃത വാഗ്ദാനവും 2 സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനവും 5 സിസ്റ്റേഴ്സിന്റെ ജൂബിലിയും ഏപ്രിൽ 26 നും തിരുവല്ല ബഥനി പ്രോവിൻസിലെ 4 മക്കളുടെ പ്രഥമവൃതവാഗ്ദാനം ഏപ്രിൽ 28-ാം തീയതിയും നടത്തപ്പെടുകയാണ്. അതിരൂപതയെ സംബന്ധിച്ച് വലിയ സന്തോഷമുള്ള സുദിനങ്ങളാണ് ഇവ. ഈ മക്കളുടെ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും പ്രത്യേകം അനുമോദിക്കുന്നു. യേശുനാഥനുവേണ്ടി ഉത്തമ ശുശ്രൂഷ ചെയ്യുവാനും രക്തസാക്ഷിത്വത്തിന്റെ അനുഭവത്തിൽ നിരന്തരം സ്വയം തന്നെയും സഭയേയും വിശുദ്ധീകരിക്കുവാനും ഈ മക്കൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥി ക്കുന്നു. ദൈവം നമുക്ക് ധാരാളം ദൈവവിളികൾ തന്ന് അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കാം.

5. **ദൈവവിളിക്യാമ്പ്**

നമ്മുടെ അതിരൂപതയിൽ വൈദികരാവാൻ ആഗ്രഹമുള്ള കുട്ടികൾക്കുവേണ്ടി ദൈവവിളിക്യാമ്പ് മെയ് 5, 6, 7 തീയതികളിൽ തിരുവല്ല മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. വൈദികജീവിതത്തോട് ആഭിമുഖ്യം പുലർത്തുന്നവരും സദ്സ്വഭാവികളുമായ ആൺകുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കണമെന്ന് പ്രത്യേകം താത്പര്യപ്പെടുന്നു. ബഹു. വികാരിയച്ചന്മാർ ഈ കാര്യങ്ങൾക്ക് ശ്രദ്ധേയമായ നേതൃത്വം നൽകണം. ദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും സാമ്പത്തിക സഹായംചെയ്ത് പ്രോത്സാഹിപ്പിക്കുവാനും എല്ലാവരേയും പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

6. **കോർ എപ്പിസ്കോപ്പാ സ്ഥാനാർത്ഥികൾ**

നമ്മുടെ അതിരൂപതയിലെ പ്രമുഖരായ വൈദികരെ കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി ആദരിക്കുന്നതിന് പരി. സൂന്നഹദോസ് താത്പര്യമെടുത്തിരിക്കുന്നു. **ബഹു. തോമസ് കൊടിനാട്ടുകുന്നേൽ, ഏബ്രഹാം ചാക്കോ നരിമറ്റം** എന്നീ വൈദികസഹോദരങ്ങളെ ഈ പദവിയിലേക്ക് ഉയർത്തുവാൻ സഭ ആഗ്രഹിക്കുന്ന കാര്യം സന്തോഷത്തോടെ ഞാൻ നിങ്ങളെ അറിയിക്കുന്നു. ബഹു. കൊടിനാട്ടുംകുന്നേലച്ചൻ നമ്മുടെ അതിരൂപതയുടെ വികാരി ജനറാൾ, ചങ്ങനാശ്ശേരി എസ്. ബി. കോളേജ് വൈസ് പ്രിൻസിപ്പൽ, അതിരൂപത കോർപ്പറേറ്റ് മാനേജർ, ഐക്യദീപം മാസിക മാനേജർ, പബ്ലിഷർ, പുഷ്പഗിരി മെഡിക്കൽ കോളേജ് സ്ഥാപനങ്ങളുടെ സി. ഇ. ഒ, വിവിധ ഇടവകകളിലെ വികാരി എന്നീ നിലകളിലും പ്രഗത്ഭനായ സുവിശേഷ പ്രസംഗകനായും ഉത്തമസംഘാടകനായും സ്തുത്യർഹ സേവനം അനുഷ്ഠിച്ചു. മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി കരസ്ഥമാക്കുകയും ചെയ്ത

തോമസച്ചൻ ഈ അടുത്തകാലം വരെ അമേരിക്കയിലെ ടൊളേഡോ രൂപതയിൽ ശുശ്രൂഷ ചെയ്തും വരികയായിരുന്നു.

ബഹു. ഏബ്രഹാം ചാക്കോ നരിമറ്റത്തിലച്ചൻ അതിരൂപതയുടെ വികാരി ജനറലായും മതബോധന ഡയറക്ടറായും, പ്രൈവറ്റ് സ്കൂൾ കോർപ്പറേറ്റ് മാനേജരായും, അമേരിക്കയിൽ ഡള്ളാസിലെ മലങ്കര കൂട്ടായ്മയുടെ വികാരിയായും അതിരൂപതയിലെ വിവിധ ഇടവകകളിലെ വികാരിയായും, ഡിസ്ട്രിക് വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൃത്യതയും ക്ലിപ്തതയുമുള്ള അദ്ദേഹത്തിന്റെ ക്ലാസ്സുകളും പ്രബോധനങ്ങളും നമുക്ക് പ്രചോദനം നൽകുന്നവയാണ്. ഈ രണ്ടു വൈദികരെയും പ്രത്യേകം അനുമോദിക്കുകയും അവരുടെ തുടർന്നുള്ള ശുശ്രൂഷകൾ സഭയ്ക്ക് മകുടമായി തീരുകയും ചെയ്യട്ടെ എന്ന് ആശംസിക്കുന്നു. ജൂൺ 27-ാം തീയതി ഇവരുടെ അഭിഷേക ശുശ്രൂഷകൾ നടത്തുവാനാണ് ആഗ്രഹിക്കുന്നത്. സഭയുടെ പ്രത്യേക നിയമപ്രകാരം സഭാതലവൻ അത്യുന്നത കർദ്ദിനാൾ ക്ലീമീസ്കാതോലിക്കാ ബാവ തിരുമനസ്സുകൊണ്ടാണ് ഈ സ്ഥാനങ്ങൾ നൽകി അവരെ ആശീർവദിക്കുന്നത്.

7. **പി. ഒ. സി ഡയറക്ടർ ബഹു. വർഗീസ് വള്ളിക്കാട്ടച്ചൻ**

മലങ്കരസഭയിലെ പിതാക്കന്മാരുടെ ശുപാർശപ്രകാരം കേരള കത്തോലിക്കാ മെത്രാൻ സമിതി ബഹു. വർഗ്ഗീസ് വള്ളിക്കാട്ടിലച്ചനെ കെ.സി.ബി.സി യുടെ ഡപ്യൂട്ടി സെക്രട്ടറിയായും പി.ഒ.സി യുടെ ഡയറക്ടറായും നിയമിച്ചിരിക്കുന്ന വിവരം സസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു. മലങ്കര സഭയ്ക്ക്, പ്രത്യേകിച്ച് തിരുവല്ല അതിരൂപതയ്ക്കും ലഭിച്ച വലിയ ഒരംഗീകാരമായിട്ടാണ് നാം ഈ നിയമനത്തെ കാണുന്നത്. ബഹുമാനപ്പെട്ട വള്ളിക്കാട്ടിലച്ചന്റെ വിവിധ തരത്തിലും തലങ്ങളിലുമുള്ള കഴിവും പ്രാവിണ്യവും അദ്ദേഹം ആർജ്ജിച്ചെടുത്ത അറിവും സംഘടനാപാടവും കൂട്ടായ പ്രവർത്തനശൈലിയും ഈ നിയമനത്തിനു പിന്നിലെ പ്രധാന ഘടകങ്ങളായിരുന്നു. തീർച്ചയായും നമ്മുടെ രൂപതയ്ക്ക് അച്ചന്റെ സേവനങ്ങൾ പ്രത്യേകിച്ച് മതബോധന മേഖലയിലെ അറിവും മികവും അൽപ്പ കാലത്തേക്കെങ്കിലും ഇല്ലാതെ പോകുമെങ്കിലും ഈ വലിയ സ്ഥാനലബ്ദിയിൽ നാം വളരെ സന്തോഷിക്കുകയും അച്ചനെല്ലാ നൽവരങ്ങളും പ്രാർത്ഥിക്കുകയുമാണ്. നമ്മുടെ മതബോധന കാര്യാലയവും അതിന്റെ രൂപകല്പനയും പാടെ നവമാക്കി പുതുചൈതന്യവും ദിശാബോധവും എല്ലായിടത്തും നൽകുകയും ചെയ്ത അച്ചനോടുള്ള നമ്മുടെ നന്ദി സീമാതീതമാണ്. ഏതൊരു കാര്യം ഏൽപിച്ചാലും അതു ശാസ്ത്രീയമായും സാങ്കേതിക മികവോടും നിർവ്വഹിക്കുവാൻ അച്ചനുള്ള കഴിവ് നാം അറിഞ്ഞിട്ടുള്ളതാണല്ലോ. അച്ചന്റെ ശുശ്രൂഷ മുഖാന്തരം കേരളസഭ ഒന്നാകെ മികവാർന്ന വളർച്ചയും ഐക്യവും പ്രാപിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അച്ചനെല്ലാ ഭാവുകങ്ങളും നന്ദിയും നേരുന്നു.

ബഹു. അച്ചന്മാരുടെ സ്ഥലമാറ്റം മെയ് 18-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്. മേഖലാവികാരിയുടെ സാന്നിദ്ധ്യത്തിൽ ആയിരിക്കണം ചുമതല ഏൽപ്പിക്കേണ്ടത്. തദ്ദവസരത്തിൽ നമ്മുടെ ഭരണഘടന അനുശാസിക്കുന്ന എല്ലാ കാര്യങ്ങളും കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്. ഡിസ്ട്രിക്ട് വികാരി അച്ചന്മാർക്ക് അവരവരുടെ ജില്ലയിലുള്ള സ്ഥലമാറ്റങ്ങളെപ്പറ്റി അറിയിപ്പു കൊടുത്തിട്ടുണ്ട്.

ദൈവകൃപയുടെ ഒരു അവസരമായി നമുക്ക് ഈ സമയങ്ങളെ ആക്കിതീർക്കാം. കുടുംബകൃഷി വർഷമായി 2014 ആചരിക്കപ്പെടുകയാണ്. നമ്മുടെ വീടിനു ചുറ്റും കുടുംബമായി കൃഷി ചെയ്യുവാനും ആരോഗ്യത്തോടെയുള്ള ജീവിതത്തിന് പരിശ്രമിക്കുകയും ചെയ്യാം.

ദൈവം അനുഗ്രഹിക്കട്ടെ. ക്രിസ്തുവിൽ വിനീതശുശ്രൂഷി,

✠ **തോമസ് മാർ കൂറിലോസ്**

മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്, തിരുവല്ലാ അതിരൂപത